**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5421** **12-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ വായ്പ തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങളിൽ നിന്നും കേരള ബാങ്കിൽ നിന്നും വായ്പയെടുത്തവർ നിര്യാതരായാൽ പ്രസ്തുത ലോൺ ക്ലോസ് ചെയ്യുന്നതിനായി ടിയാളുടെ അവകാശികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ; | (എ) | . |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്തിട്ടുള്ളവരിൽ മാരക രോഗം ബാധിച്ചവർക്ക് ലോൺ തിരിച്ചടവിന് എന്തെങ്കിലും ഇളവുകൾ നൽകുന്നുണ്ടോ; ആയതിന്റെ വിവരം അറിയിക്കാമോ? | (ബി) | . |

സെക്ഷൻ ഓഫീസർ

കേരളത്തിലെ വിവിധ വായ്പ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെ ഉള്ളവ) ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന വായ്പക്കാർ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ബാക്കി നിൽപ്പുള്ള വായ്പ മുതലിൽ പരമാവധി 2 ലക്ഷം രൂപ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിച്ചു വരുന്നു;

31.08.2021 വരെ സംസ്ഥാന സഹകരണ ബാങ്കിൽ നടപ്പിലാക്കുന്നതിലേക്കായി അംഗീകരിച്ച് നൽകിയിട്ടുള്ള ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി ഉപ നിബന്ധന പ്രകാരം വായ്പക്കാരൻ മരണപ്പെട്ടൽ വായ്പകൾക്ക് ചുവടെപ്പറയും പ്രകാരം ഉള്ള ആനുകൂല്യങ്ങൾ നൽകി വരുന്നു.

മരണപ്പെട്ടവർ, വായ്പ എടുത്തതിന് ശേഷം കുടുംബത്തിന്റെ ഏക വരുമാന സ്രോതസ്സായ ഭർത്താവ്/മകൻ മരണപ്പെട്ടത് മൂലം അനാഥമായ കുടുംബാംഗങ്ങൾ, മാതാപിതാക്കൾ മരണപ്പെടുകയും മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന നിരാലംബരായിട്ടുള്ളവർ എന്നീ വിഭാഗങ്ങളിൽ പ്പെടുന്നവരുടെ വായ്പകൾ താഴെപ്പറയുന്ന രീതിയിൽ ഇളവുകൾ നൽകി വായ്പാ ബാധ്യതതീർപ്പാക്കാവുന്നതാണ്. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിച്ചിട്ടുള്ള വായ്പകളും ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.

ഈ പദ്ധതി പ്രകാരം പലിശ ഇളവ് ലഭിക്കുന്നതിന് മരണപ്പെട്ട കേസുകളിൽ മരണസർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

- വായ്പാ തുക 5 ലക്ഷം വരെയുള്ള വായ്പകളിൽ ഈടാക്കുവാനുള്ള പലിശ പൂർണ്ണമായും ഇളവ് ചെയ്ത്, മുതൽ മാത്രം അടച്ച് വായ്പാ കണക്ക് അവസാനിപ്പിക്കുവാൻ അനുവദിക്കാ വുന്നതാണ്.
- 5 ലക്ഷത്തിനു മുകളിലും 25 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും ഈടാക്കുവാനുള്ള പലിശയുടെ 50%-വും മാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിയ്ക്കാൻ വായ്പാക്കാരുടെ അനന്തര അവകാശികളെ/ വായ്പാക്കാരെ അനുവദിക്കാവുന്നതാണ്.
- 25 ലക്ഷത്തിനുമുകളിൽ 50 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും ഈടാക്കുവാനുള്ള പലിശയുടെ 70%-വും മാത്രം ഈടാക്കി വായ്പാകണക്ക് അവസാനിപ്പിയ്ക്കാൻ വായ്പക്കാരുടെ അനന്തര അവകാശികളെ/ വായ്പാക്കാരെ അനുവദിക്കാവുന്നതാണ്